**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1115** **27-07-2021 - ൽ മറുപടിയ്ക്ക്**

**ഗവൺമെന്റ് മടപ്പള്ളി കോളേജിലെ വികസന പ്രവർത്തനങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി കെ.കെ.രമ | | Dr. R. Bindu<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | ഗവൺമെന്റ് മടപ്പള്ളി കോളേജിലെ അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുന്നതിനായി നടപ്പാക്കിക്കൊണ്ടിരിക്കുന്നതും പ്രൊപ്പോസ് ചെയ്തിട്ടുള്ളതുമായ പ്രവൃത്തികൾ എതൊക്കെയാണെന്ന് അറിയിക്കുമോ; വിശദാംശങ്ങൾ നൽകുമോ; | (എ) | നടപ്പിലാക്കികൊണ്ടിരിക്കുന്ന പദ്ധതികൾ 1. പി.ജി ബ്ലോക്കിനു വേണ്ടി സെന്റർ ഓഫ് എക്സലൻസിൽ ഒന്നരക്കോടി രൂപ ചെലവഴിച്ചുകഴിഞ്ഞു. ഇത് പൂർത്തീകരി ക്കുന്നതിനുവേണ്ടി ഇനിയും മുപ്പതു ലക്ഷത്തോളം രൂപ ആവശ്യമുണ്ട്. 2. ലൈബ്രറി/ കാന്റീൻ കെട്ടിട നിർമ്മാണ ത്തിനായി കിഫ്ബി ഫണ്ടിൽ നിന്നും അനുവദിച്ച 4.32 കോടി രൂപയുടെ പ്രവൃത്തികൾ പുരോഗമിക്കുന്നു 3. ഇൻഡോർ സ്റ്റേഡിയത്തിന് റൂസ ഫണ്ടിൽ നിന്നും അനുവദിച്ച 75 ലക്ഷം രൂപയ്ക്ക് പ്രവൃത്തി ഭാഗികമായി പൂർത്തീകരി ച്ചിട്ടുണ്ട്.മേൽക്കൂരയയും മറ്റ് ഫിനിഷിംഗ് വർക്കിനും വേണ്ടി 3 കോടി 87 ലക്ഷം രൂപയുടെ ആവശ്യമുണ്ട്. പ്രൊപ്പോസ് ചെയ്തിട്ടുള്ള പദ്ധതികൾ 1. കോളേജ് ചുറ്റമതിൽ നിർമ്മാണം. 2. സെമിനാർ കോംപ്ലക്സ് നിർമ്മാണം . 3. ലേഡീസ് ഹോസ്റ്റൽ വാച്ച്മാൻ കാബിൻ നിർമ്മാണം. |
| (ബി) | 2021-22 സാമ്പത്തിക വർഷത്തേക്കുള്ള ബഡ്ജറ്റിൽ തുക വകയിരുത്തിയിട്ടുള്ള ഗവൺമെന്റ് മടപ്പള്ളി കോളേജിലെ സയൻസ് ബ്ലോക്കിന്റെ പ്രവൃത്തി ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് അറിയിക്കുമോ; പ്രസ്തുത പ്രവൃത്തി അടിയന്തരമായി ആരംഭിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുമോ; | (ബി) | പ്രവൃത്തി ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. |
| (സി) | കോളേജിൽ സെമിനാർ ഹാൾ നിർമ്മിക്കുന്നതിന് വേണ്ടി പ്രൊപ്പോസ് ചെയ്തിട്ടുള്ള പ്രവൃത്തിക്ക് ഭരണാനുമതി ലഭിക്കുകയുണ്ടായോ; ഇല്ലെങ്കിൽ ഭരണാനുമതി അടിയന്തരമായി ലഭിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ; | (സി) | ഭരണാനുമതി ലഭ്യമാക്കിയിട്ടുണ്ട്. |
| (ഡി) | എൻ.എ.എ.സി. സ്കീമിൽ ഉൾപ്പെടുത്തി മടപ്പള്ളി കോളേജിൽ മൾട്ടി പർപ്പസ് ഇൻഡോർ | (ഡി) | മൾട്ടി പർപ്പസ് ഇൻഡോർ സ്റ്റേഡിയത്തിന്റെ സ്ട്രക്ച്ചറൽ വർക്കുകൾ പൂർത്തീകരി ച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| | സ്റ്റേഡിയം നിർമ്മിക്കുന്ന പ്രവൃത്തി ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് അറിയിക്കുമോ; | | മേൽക്കൂരയും ഫിനിഷിംഗ് വർക്കും പൂർത്തീകരി ക്കേണ്ടതായിട്ടുണ്ട്. ടി സ്റ്റേഡിയത്തിന്റെ നിർമ്മാണത്തിനായി 75 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്. ഫണ്ട് പര്യാപ്തമല്ലാത്ത തിനാൽ ബാക്കി 3 കോടി 87 ലക്ഷം രൂപ ആവശ്യമുണ്ട്. പ്രസ്തുത എസ്റ്റിമേറ്റ് പരിശോധിച്ച് അനന്തര നടപടികൾ സ്വീകരിക്കുന്നത് പരിഗണനയിലാണ്. |
| (ഇ) | പ്രസ്തുത പ്രവൃത്തിക്കായി എത്ര തുകയാണ് ഇതിനോടകം ചെലവാക്കിയിട്ടുള്ളതെന്നും എത്ര തുകയുടെ എസ്റ്റിമേറ്റാണ് ഈ പ്രവൃത്തിക്കായി തയ്യാറാക്കിയിട്ടുള്ളതെന്നും അറിയിക്കുമോ; | (ഇ) | മൾട്ടി പർപ്പസ് ഇൻഡോർ സ്റ്റേഡിയത്തിന്റെ സ്ട്രക്ച്ചറൽ വർക്കുകൾ പൂർത്തീകരി ച്ചിട്ടുണ്ട്. മേൽക്കൂരയും ഫിനിഷിംഗ് വർക്കും പൂർത്തീകരി ക്കേണ്ടതായിട്ടുണ്ട്. ടി സ്റ്റേഡിയത്തിന്റെ നിർമ്മാണത്തിനായി 75 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്. ഫണ്ട് പര്യാപ്തമല്ലാത്ത തിനാൽ ബാക്കി 3 കോടി 87 ലക്ഷം രൂപ ആവശ്യമുണ്ട്. പ്രസ്തുത എസ്റ്റിമേറ്റ് പരിശോധിച്ച് അനന്തര നടപടികൾ സ്വീകരിക്കുന്നത് പരിഗണനയിലാണ്. |
| (എഫ്) | മൾട്ടി പർപ്പസ് ഇൻഡോർ സ്റ്റേഡിയം നിർമ്മാണം യാഥാർത്ഥ്യമാക്കുന്നതിനായി സർക്കാർ എന്തൊക്കെ അടിയന്തര നടപടികൾ സ്വീകരിക്കുമെന്ന് അറിയിക്കുമോ? | (എഫ്) | മൾട്ടി പർപ്പസ് ഇൻഡോർ സ്റ്റേഡിയത്തിന്റെ സ്ട്രക്ച്ചറൽ വർക്കുകൾ പൂർത്തീകരി ച്ചിട്ടുണ്ട്. മേൽക്കൂരയും ഫിനിഷിംഗ് വർക്കും പൂർത്തീകരി ക്കേണ്ടതായിട്ടുണ്ട്. ടി സ്റ്റേഡിയത്തിന്റെ നിർമ്മാണത്തിനായി 75 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്. ഫണ്ട് പര്യാപ്തമല്ലാത്ത തിനാൽ ബാക്കി 3 കോടി 87 ലക്ഷം രൂപ ആവശ്യമുണ്ട്. പ്രസ്തുത എസ്റ്റിമേറ്റ് പരിശോധിച്ച് അനന്തര നടപടികൾ സ്വീകരിക്കുന്നത് പരിഗണനയിലാണ്. |

സെക്ഷൻ ഓഫീസർ